# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ.ഷീബ ജോർജ് ഐ.എ.എസ് )

തിരുവനന്തപുരം

ഉത്തരവ്.നം.ഇ6-9305/2019

തീയതി :10/12/2019

വിഷയം-സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തിക പുനഃക്രമീകരിച്ച് സ്ഥലമാറ്റം/ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1.സ.ഉ.കൈ നം24/2017/സാ.നീ.വ തീയതി30/6/2017

2. സാമൂഹ്യനീതി ഡയറക്ടറുടെ 5/9/2019 ലെ ഇ9/8900/19 നം നടപടി ക്രമങ്ങൾ.

3.വനിതാ ശിശു വികസന ഡയറക്ടറുടെ 9/8/2019ലെ WCD-E3(1)23353/19 നം നടപടി ക്രമങ്ങൾ.

4. വനിതാ ശിശു വികസന ഡയറക്ടറുടെ 5/9/2019ലെ WCD-E3(1)23353/19 നം കത്ത്.

5. സാമൂഹ്യനീതി ഡയറക്ടറുടെ 23/7/2015 ലെ ഇ9/30200/15 നം നടപടി ക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി വനിതാ ശിശു വികസന വകുപ്പ് പുതുതായി രൂപീകരിച്ച് സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിൽ വരുന്ന കാര്യാലയങ്ങളിലെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടറും വനിതാ ശിശു വികസന വകുപ്പിനു കീഴിൽ വരുന്ന കാര്യാലയങ്ങളിലെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് പരാമർശം (3) പ്രകാരം വനിതാ ശിശു വികസന ഡയറക്ടറും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. വകുപ്പ് വിഭജനത്തെ തുടർന്ന് പുതുതായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കേഡർ സ്ട്രെങ്ത് അനുസരിച്ച് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ അടിയന്തിരമായി പുനക്രമീകരിക്കേണ്ടതുണ്ട്.

സാമൂഹ്യ നീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന ആകെ 17 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികകൾ, സാമൂഹ്യനീതി വകുപ്പിൽ 5 തസ്തികകളും, വനിതാ ശിശു വികസന വകുപ്പിൽ 12തസ്തികകളുമായി പരാമർശം (2) (3) പ്രകാരം പുനക്രമീകരിക്കപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ആകെയുള്ള 17 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികകൾ പരാമർശം (2) (3) പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള പുതുക്കിയ കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം അനുവദിച്ചും 4 ഒഴിവുകളിൽ ഉദ്യോഗക്കയറ്റം അനുവദിച്ചും ചുവടെ പറയും പ്രകാരം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലെ ജീവനക്കാരുടെ സ്ഥലമാറ്റം

| ക്രമ നം | ജീവനക്കാരുടെ പേര്,തസ്തിക,നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലമാറ്റം അനുവദിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീമതി. മായ.കെ.എസ്, സൂപ്രണ്ട് ഗ്രേഡ്-2 ഗവ.ഒബ് സർവേഷൻ ഹോം കാസറഗോഡ്. | സൂപ്രണ്ട് ഗ്രേഡ്-2 ഗവ.ഒബ് സർവേഷൻ ഹോം തിരുവനന്തപുരം |
| 2 | ശ്രീമതി.എം.സി.മോളി, സൂപ്രണ്ട് ഗ്രേഡ്-2,ഗവ.ചിൽഡ്രൻസ് ഹോം,തവനൂർ | സൂപ്രണ്ട് ഗ്രേഡ്-2 ആശാ ഭവൻ(മെൻ) കോഴിക്കോട് |
| 3 | ശ്രീമതി ചിത്ര.എം.എസ്, സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ചിൽഡ്രൻസ് ഹോം,(ബോയ്സ് )പാലക്കാട് | സൂപ്രണ്ട് ഗ്രേഡ്-2 ഗവ.ചിൽഡ്രൻസ് ഹോം,ന്യൂറനാട് |
| 4 | ശ്രീമതി നിഷമോൾ.വി.എ സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ചിൽഡ്രൻസ് ഹോം,(ഗേൾസ് )കണ്ണൂർ | സൂപ്രണ്ട് ഗ്രേഡ്-2 ഗവ.ഭിന്നശേഷി സദനം ആലപ്പുഴ |
| 5 | ശ്രീമതി കെ.രാജാമണി സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ഒബ് സർവേഷൻ ഹോം,(ഗേൾസ് ) കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ്-2 ഗവ.ചിൽഡ്രൻസ് ഹോം,(ഗേൾസ് )കണ്ണൂർ |

3.ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ 4 ഒഴിവുണ്ട്. ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I തസ്തികയിലേക്ക് 2 ഉദ്യോഗക്കയറ്റം നൽകിയതു മുഖേനയും 2 ജീവനക്കാർ വിരമിച്ചതു മുഖേനയുമാണ് ഒഴിവുകൾ ഉണ്ടായിട്ടുള്ളത് . ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -3/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ,സ്പെഷ്യൽ ടീച്ചർ(ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ)എന്നീ വിഭാഗം ജീവനക്കാരുടെ നിയമന തീയതി അടിസ്ഥാനമാക്കി പരാമർശം 5 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ചുവടെ പറയുന്ന ജീവനക്കാർക്കാണ് ഉദ്യോഗക്കയറ്റത്തിനായി പരിഗണിക്കപ്പെടുന്നതിന് അർഹതയുള്ളത്.

| ക്രമ നം | ജീവനക്കാരൻ/ജീവനക്കാരിയുടെ പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.ആർ.അജി കുമാർ | 13 | |
| 2 | ശ്രീമതി.ബിനു ജോൺ | 28 | |

| | | | |
|---|---|---|---|
| 3 | ശ്രീ .പി.കെ.ഷിജ്ജ | 29 | പ്രൊബേഷൻ ഡിക്ളയർ ചെയ്യപ്പെട്ടില്ല |
| 4 | ശ്രീ.ടി.അജിത് കുമാർ | 30 | |
| 5 | ശ്രീമതി പി.സി.സെൽമ | 31 | |

4. മേൽ പറയുന്ന ജീവനക്കാരിൽ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടില്ലാത്ത ക്രമ നം 3 ലെ ജീവനക്കാരനെ ഒഴിവാക്കി ക്രമ നം 1,2,4,5 എന്നീ ജീവനക്കാർക്ക് കെ.എസ്.എസ്.ആർ ചട്ടം 28 എ(1) പ്രകാരം 29200-62400 രൂപ ശമ്പള സ്കെയിലിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

II ഉദ്യോഗക്കയറ്റം

| ക്രമ നം | ജീവനക്കാരുടെ പേര്,തസ്തിക,നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കാവുന്ന തസ്തികയും കാര്യാലയവും |
|---|---|---|
| 1 | ശ്രീ.ആർ.അജി കുമാർ,ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ഗവ.ചിൽഡ്രൻസ് ഹോം തിരുവനന്തപുരം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ),പാലക്കാട്. |
| 2 | ശ്രീമതി. ബിനു ജോൺ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3, ഗവ.മഹിളാമന്ദിരം,കോട്ടയം. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ചിൽഡ്രൻസ് ഹോം തവനൂർ |
| 3 | ശ്രീ.ടി.അജിത് കുമാർ,ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ഗവ.ചിൽഡ്രൻസ് ഹോം ,കൊല്ലം. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ് ) വയനാട് |
| 4 | ശ്രീമതി. പി.സി.സെൽമ, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ് ) കോഴിക്കോട്. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2, ഗവ.ഒബ് സർവേഷൻ ഹോം,(ഗേൾസ് ) കോഴിക്കോട്. |

5.ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതും ജീവനക്കാർ തുടർച്ചയായ രണ്ടു വർഷത്തെ സേവനകാലയളവിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതുമാണ്.

6.സ്ഥലമാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയമേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന തീയതികൾ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7.വകുപ്പ് വിഭജനത്തിന്റെ ഭാഗമായി ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർ വിന്യസിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടറുടെ 11/11/2019 ലെ Spl Cell/1/2019 നം പരിപത്ര പ്രകാരം ഓപ്ഷൻ ക്ഷണിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഉത്തരവിലൂടെ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കു മാത്രം ഉദ്യോഗക്കയറ്റ തസ്തികയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിന് 17/12/2019 തീയതി വരെ സമയം അനുവദിക്കുന്നു.ഈ ജീവനക്കാർ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഇതിനകം ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഓപ്ഷൻ സ്വമേധയാ അസാധുവാകുന്നതും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിൽ നൽകുന്ന ഓപ്ഷൻ പരിഗണിക്കുന്നതുമായിരിക്കും.17/12/2019 തീയതിക്കകം ഓപ്ഷൻ ലഭ്യമാക്കാത്ത ജീവനക്കാർ ഓപ്ഷൻ സമർപ്പിക്കുന്നില്ല എന്നു കണക്കാക്കി ഓപ്ഷൻ നൽകിയ ജീവനക്കാരെ ഇരു വകുപ്പുകളിലുമായി വിന്യസിച്ച ശേഷം ഒഴിവ് അവശേഷിക്കുന്ന വകുപ്പിൽ നിയമിക്കുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1.ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി/വനിതാ ശിശു വികസന ആഫീസർമാർക്ക്

2.അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സാമൂഹ്യ നീതി/വനിതാ ശിശു വികസന വകുപ്പ്

3.സൂപ്രണ്ട് ഐ.ടി സെക്ഷൻ

4.ഡയറക്ടറുടെ സി.എ, സാമൂഹ്യ നീതി/വനിതാ ശിശു വികസന വകുപ്പ്

5.സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്